പതിമൂന്നാം കേരള നിയമ സഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3948 27.6.2012 ലെ മറുപടിക്ക്

**പൊന്നാനി മേഖലയിലേയ്ക്ക് ഫീൽഡ് വർക്കർമാരെ നിയമിക്കുവാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) പൊന്നാനിയിൽ മന്ത് രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി))പ്രസ്തുത മേഖലയിലെ വെക്ടർ കൺട്രോൾ യൂണിറ്റ് അടച്ചുപൂട്ടുകയും ഫീൽഡ് ജീവനക്കാരെ സ്ഥലം മാറ്റുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) പൊന്നാനിയിൽ മുമ്പ് ഒരു നാഷണൽ ഫൈലേറിയ കൺട്രോൾ പ്രോഗ്രാം (NFCP)യൂണിറ്റ് പ്രവർത്തിച്ചിരുന്നു. ഈ യൂണിറ്റ് വഴി മന്ത് രോഗ നിയന്ത്രണവുമായി ബന്ധപ്പെട്ട് കൊതുക് നിരീക്ഷണ നിയന്ത്രണ പ്രവർത്തനങ്ങൾ മാത്രമാണ് നടത്തിയിരുന്നത്.<br>എന്നാൽ 2010-ൽ പൊന്നാനിയിലേയും താനൂരിലെയും NFCP യൂണിറ്റുകൾ സംയോജിപ്പിച്ച് കൊതുക്ജന്യ രോഗങ്ങളെ നിയന്ത്രിക്കുവാനായി മലപ്പുറത്ത് ഒരു വെക്ടർ കൺട്രോൾ യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത NFCP യൂണിറ്റുകളുടെ സംയോജനത്തിന്റെ ഭാഗമായി പൊന്നാനി യൂണിറ്റിൽ ജോലി ചെയ്തിരുന്ന ജീവനക്കാരെ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിലേയ്ക്ക് മാറ്റി നിയമിച്ചിട്ടുണ്ട്. |
| (സി) ഉണ്ടെങ്കിൽ ഒഴിവാക്കിയ വെക്ടർ കൺട്രോൾ യൂണിറ്റ് അടിയന്തിരമായി തുറക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) മലപ്പുറത്ത് പ്രവർത്തിക്കുന്ന വെക്ടർ കൺട്രോൾ യൂണിറ്റിന്റെ ഒരു ഫീൽഡ് സ്റ്റേഷൻ പൊന്നാനിയിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി)41 ലക്ഷത്തിലധികം ജനങ്ങളുള്ള മലപ്പുറം ജില്ലയിൽ ആരോഗ്യവകുപ്പിൽ 20 ഫീൽഡ് വർക്കർ തസ്തിക മാത്രമേ ഉള്ളുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ)ഉണ്ടെങ്കിൽ കൂടുതൽ ഫീൽഡ് വർക്കർ തസ്തിക സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (ഇ) മലപ്പുറം ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിൽ 10 ഫീൽഡ് വർക്കർമാരെ കൂടുതലായി നിർമ്മിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (എഫ്)പൊന്നാനി മേഖലയിലേയ്ക്ക് ഫീൽഡ് വർക്കർമാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ? | (എഫ്) ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിന്റെ ഫീൽഡ് സ്റ്റേഷൻ പൊന്നാനിയിൽ ആരംഭിക്കുമ്പോൾ കൂടുതൽ ഫീൽഡ് വർക്കർമാരെ നിയമിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ